## വൈകല്യമുള്ള പ്രീ സ്കൂൾ കുട്ടികൾ

- വൈകല്യമുള്ള കുട്ടികൾക്ക് അവർക്ക് വൈകല്യമില്ലാത്ത മേഖലകളിൽ പ്രാവീണ്യം നേടാൻ വേണ്ട പരിശീലനം നൽകുക.
- കുട്ടികളിൽ വൈകല്യം തിരിച്ചറിഞ്ഞ് അതിനെ അതിജീവിക്കുന്നതിന് വേണ്ട സഹായ ഉപകരണങ്ങൾ നൽകി അത് ഉപയോഗിക്കാൻ വേണ്ട പരിശീലനം ചെറുപ്രായത്തിൽ തന്നെ നൽകേണ്ടതാണ്.
- വൈകല്യം ബാധിച്ച കുട്ടികൾക്ക് ആവശ്യമായ വൈദ്യസഹായം Physio therapy, Speech therapy തുടങ്ങിയ പ്രത്യേക ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കുക.

  വൈകല്യമുള്ള കുട്ടികളുടെ പരിചാരകർക്ക് വിശിഷ്യാ അദ്ധ്യാപകർക്ക് മുകളിൽ പറഞ്ഞ കാര്യങ്ങളിൽ പരിശീലനം നൽകണം.

*ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് ഈ ക്ലിനിക് പ്രവർത്തിച്ചു വരുന്നത്.*

കുട്ടിയെ 6 വയസ്സിൽ ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിന് മുമ്പ് കുട്ടിക്ക് വേണ്ടത്ര കഴിവ് (Skill) ഉണ്ട് എന്ന് ഉറപ്പു വരുത്തുന്നത് ഭാവിയിൽ പഠന പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാൻ സഹായിക്കും.

തയ്യാറാക്കിയത് :-
**ഡോക്ടർ. എം.കെ.സി.നായർ,**
**ഡോക്ടർ ബാബു ജോർജ്,**
**Ms. ലത. എസ്സ്, Ms. ലക്ഷ്മി എം.എ**

**Clinical Services**
**Research**
**Training**
**Community Extension Services**

"Reduction of Childhood Disability"

Child Development Centre

CDC KERALA

# Child Development Centre

## ഒന്നാം ക്ലാസ്സിൽ പോകാൻ കുട്ടി പ്രാപ്തനാണോ?

## School Readiness Testing



**Child Development Centre**
Medical College, Thiruvananthapuram-11
Ph: 0471-2553540, 0471-2447061
Email: cdckerala@rediffmail.com
Web: www.cdckerala.org



ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ആദ്യത്തെ ചുവടുവയ്പ്പാണ് പ്രീ സ്കൂൾ വിദ്യാഭ്യാസം. പ്രാഥമികവും അടിസ്ഥാനപരവുമായി കിട്ടുന്ന ഈ വിദ്യാഭ്യാസം ഒരു വ്യക്തിയിൽ വളരെയധികം സ്വാധീനം ചെലുത്തുന്നു.

സ്വതന്ത്രമായ കുടുംബാന്തരീക്ഷത്തിൽ നിന്ന് ചിട്ടകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായ ഒരു വിദ്യാലയ അന്തരീക്ഷത്തിലേക്ക് പ്രവേശിക്കുമ്പോഴുള്ള പരിവർത്തനത്തെ വിജയകരമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് പ്രീ സ്കൂളിൽ ചെയ്യേണ്ടത്.

പകുതിയിലേറെ സ്വഭാവവൈകല്യങ്ങൾക്കു കാരണം കുട്ടിയുടെ ബുദ്ധിവികാസത്തിന്റെ അപര്യാപ്തതയാണ്. ഒന്നുകിൽ കുട്ടിയുടെ ചെറിയതോതിലുള്ള ബുദ്ധിക്കുറവുകൊണ്ടാകാം. ഇതല്ലെങ്കിൽ സാധാരണ ബുദ്ധിയുള്ള ഒരു കുട്ടിയിൽ നിന്നുമുള്ള അച്ഛനമ്മമാരുടെ അമിതമായ പ്രതീക്ഷയും അതിനൊത്തുയരാനുള്ള കുട്ടിയുടെ കഴിവുകേടുമാകാം.

എത്രയും നേരത്തെ അപര്യാപ്തത കണ്ടുപിടിച്ച് നേർവഴിയേ തിരിച്ചുവിട്ടാൽ പിന്നീട് പല പ്രശ്നങ്ങളും ഒഴിവാക്കാം അല്ലെങ്കിൽ ഏറ്റവും ഉന്നതമായ സ്കൂളിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച് നാലാം ക്ലാസിൽ ഇംഗ്ലീഷും മലയാളവും വേണ്ടത്ര അറിയാതെ പുറം തള്ളപ്പെടുന്ന ഒരു സാഹചര്യം കൂടിക്കൂടി വരുന്നത് നമുക്ക് കാണേണ്ടി വരും.

കേരളത്തിലെ ലക്ഷോപലക്ഷം കുഞ്ഞുങ്ങൾക്ക് ഈ പ്രയോജനം കിട്ടണമെങ്കിൽ അവരുടെ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടുപിടിക്കുവാനുള്ള സാഹചര്യം വേണം (ഒരു രൂപരേഖ വേണം) അതിനു വേണ്ടിയാണ് തിരുവനന്തപുരം Child Development Centre ൽ നീണ്ട ഗവേഷണത്തിലൂടെ Nursary Evaluation Scale,Tvm. രൂപപ്പെടുത്തിയത്. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള അംഗൻവാടി ടീച്ചർമാരും Nursary School Teacher മാരും പ്രശ്നമുള്ള കുട്ടികളെ നേരത്തേ കണ്ടുപിടിക്കാനുള്ള കഴിവ് നേടിയിട്ടുണ്ട്. മാത്രമല്ല ബുദ്ധിപരിശോധിച്ച് 50 എന്നോ 60 എന്നോ ഒരു ലേബൽ ഒട്ടിക്കുന്നതിനു പകരം അവരുടെ ചെറിയ ചെറിയ പ്രശ്നം മനസ്സിലാക്കി അതിന് പ്രതിവിധി ടീച്ചറിനു തന്നെ ചെയ്യാവുന്നതേയുള്ളൂ.

ആറ് വിഭാഗങ്ങളിലായി Nest-ൽ 69 കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 4 നും 6 നും ഇടയിലുള്ള കുഞ്ഞുങ്ങൾക്കാണ് ഇതിന്റെ പ്രയോജനം കിട്ടുന്നത്. 6 വയസ്സു തികയുമ്പോൾ , ഒന്നാം ക്ലാസ്സിൽ പോകുന്നതിന് മുൻപ് മിക്കവാറും എല്ലാ കാര്യങ്ങളും ഒരു കുട്ടിക്ക് ചെയ്യാൻ സാധിക്കും. അതുകൊണ്ടു തന്നെ ഒന്നാം ക്ലാസ്സിൽ പോകുവാൻ കുട്ടി തയ്യാറാണോ എന്ന് പരിശോധിക്കാൻ Nest ഉപയോഗിക്കാം.

## Tips for Parents

- മാതാപിതാക്കളാണ് ആദ്യ ഗുരുക്കൻമ്മാർ അമ്മയുടെ മടിത്തട്ടാണ് ആദ്യ വിദ്യാലയം എന്ന ആശയങ്ങൾ വാക്കുകളിൽ ഒതുങ്ങി നിന്നാൽ പോരാ; പ്രാവർത്തികമാക്കണം.
- കുട്ടികളുടെ പ്രത്യേകതയും അവരുടെ ആവശ്യങ്ങളും മനസ്സിലാക്കി അവരിലുള്ള കഴിവുകളെ പരമാവധി വികസിപ്പിക്കുന്നതരത്തിലുള്ള വിദ്യാഭ്യാസ രീതി, ആവിഷ്കരിക്കേണ്ടതാണ് ഉചിതം.
- പ്രായത്തിന് അനുയോജ്യമായ പഠനസമ്പ്രദായങ്ങളേ ആവിഷ്കരിക്കാവൂ.
- മാതാപിതാക്കൾ കുട്ടികളുമായി എല്ലാ ദിവസവും കുറച്ചു സമയം ചിലവഴിക്കണം
- കുട്ടികളോടൊത്ത് എത്ര സമയം ചിലവഴിച്ചു എന്നതിനേക്കാൾ എങ്ങനെ ചിലവഴിച്ചു എന്നത് പ്രാധാന്യമർഹിക്കുന്നു.
- കുട്ടികളെ അവരുടെ പ്രായത്തിനും കഴിവിനും അനുസരിച്ചുള്ള വീട്ടുജോലികളിൽ പങ്കെടുപ്പിക്കാവുന്നതാണ്.
- അവരുടെ ദൈനംദിന കാര്യങ്ങൾ (Activities of daily living) എല്ലാം അവരുടെ കഴിവിനനുസരിച്ച് അവരെക്കൊണ്ട് തന്നെ ചെയ്യിപ്പിക്കാവുന്നതാണ്.
- രക്ഷിതാക്കൾ സ്വന്തം കുട്ടികളെ മറ്റുകുട്ടികളുമായി താരതമ്യം ചെയ്യുന്നത് ഒഴിവാക്കുക.
- കുട്ടികൾ ചെയ്യുന്ന നല്ല കാര്യങ്ങൾ എപ്പോഴും പുകഴ്ത്തണം.
- കുട്ടിയുടെ മേൽ അമിതനിയന്ത്രണം ഒഴിവാക്കുക.

  കൊച്ചു കുട്ടികൾ ദിവസവും 2 മണിക്കൂറിൽ താഴെ മാത്രമേ ടി.വി കാണാൻ പാടുള്ളൂ.
- ശാരീരികമായി വ്യായാമമുള്ള കളികളിൽ ഇവരെ പങ്കെടുപ്പിക്കണം (Physical Activities)
- അച്ഛനമ്മമാരുടെ സാന്നിധ്യം അനുഭവിച്ചു വളരുന്ന കുട്ടികൾ കൂടുതൽ ആത്മധൈര്യം ഉള്ളവരും പ്രശ്നപരിഹാരത്തിന് കഴിവുള്ളവരും സമർത്ഥരുമായിരിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

